# STD - IX

## അദ്ധ്യാപക സഹായി

**പാഠം - പതിനൊന്ന്     സഭയും രാഷ്ട്രവും     ഭാഗം - ഒന്ന്**

### ലക്ഷ്യം

ദൈവരാജ്യത്തെക്കുറിച്ചുള്ള യേശുവിന്റെ വീക്ഷണം ഈ ലോകത്ത് തുടരുക എന്ന സഭയുടെ ലക്ഷ്യം നിറവേറ്റാൻ സഭയ്ക്ക് സുവിശേഷ സന്ദേശങ്ങൾ അനുസരിച്ച് രാഷ്ട്രീയത്തെ സ്വാധീനിക്കേണ്ടതുണ്ട്.

ക്രിസ്തുവിന്റെ ചൈതന്യവും മാതൃകയും സ്വീകരിച്ചുകൊണ്ട്, സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് സഭയുടെ രാഷ്ട്രീയ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്റേതായ സംഭാവനകൾ നൽകും.

### പഠനസഹായികൾ

* വിഴിഞ്ഞം സമരത്തിൽ വൈദികർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്നതിന്റെ ചിത്രങ്ങൾ/വീഡിയോ
* വചനം - ലൂക്കാ. 4:18
* മുനമ്പത്തെ ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള അതിരൂപതയുടെ പ്രതിഷേധസ്വരം - ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ക്രിസ്തുവിന്റെ സഭ ലോകത്തിലെ വിവിധ രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്നു.
* ഓരോ രാജ്യത്തുമുള്ള ക്രിസ്ത്യാനികൾ, അതതു രാജ്യത്തിന്റെ സംസ്കാരവും നിയമസംഹിതകളും സ്വാംശീകരിച്ചുകൊണ്ടാണ് തങ്ങളുടെ വിശ്വാസം പരിപോഷിപ്പിച്ചു പോരുന്നത്.
* യേശുവിന്റെ കാലത്തെ രാഷ്ട്രീയ അന്തരീക്ഷം
* റോമൻ അധിനിവേശത്തിൽ വീർപ്പുമുട്ടി മതാധികാരത്തിന്റെ രാഷ്ട്രീയത്തിനുമുന്നിൽ മുട്ടുമടക്കി കഴിഞ്ഞിരുന്ന ഒരു ജനത്തിനു മുൻപിൽ ആണ് സമഗ്രമായ വിമോചനത്തിന്റെ സുവിശേഷമായി യേശു പ്രത്യക്ഷപ്പെട്ടത്.
* ലൂക്കായുടെ സുവിശേഷം - 4:18
* ജൂബിലി വർഷം - ഏഴു സാബത്തു വർഷങ്ങൾ തികയുന്ന നാല്പത്തിയൊമ്പതാം വർഷത്തിലെ പാപ പരിഹാരദിനത്തിൽ ജൂബിലി വർഷം ആരംഭിക്കുന്നു.
* സഭയും രാഷ്ട്രീയവും - ലൂക്കാ. 4:18 തന്നെയാണ് സഭയുടെ രാഷ്ട്രീയ വീക്ഷണം

* ദൈവരാജ്യം പടുത്തുയർത്തുകയാണ് സഭയുടെ ലക്ഷ്യം. ഹൃദയ പരിവർത്തനമാണ് അതിന്റെ കാതൽ
* മനുഷ്യോന്മുഖമായ രാഷ്ട്രീയ സാഹചര്യമൊരുക്കുക എന്നത് ദൈവരാജ്യം സ്ഥാപിക്കുക എന്ന സഭയുടെ ലക്ഷ്യത്തിന്റെ ഭാഗമാണ്.
* സഭയുടെ രാഷ്ട്രീയബന്ധങ്ങൾക്കാധാരം സുവിശേഷമൂല്യങ്ങളാണ്.
* ക്രൈസ്തവ ആശയങ്ങൾ ഒരുകാലത്തും അപ്രസക്തമാവില്ല.
* മതസൗഹാർദ്ദത്തിനും, മതസ്വാതന്ത്ര്യത്തിനുമെതിരേയുള്ള വെല്ലുവിളികൾ അവസാനിപ്പിക്കാനും, മതതീവ്രവാദം ഇല്ലാതാക്കാനും രാഷ്ട്രീയാധികാരത്തിലുള്ളവർ നിരന്തരം ശ്രമിക്കണം.
* നിരീശ്വരവാദത്തെയും പ്രസ്ഥാനങ്ങളെയും സഭ എതിർക്കുന്നു.
* രാഷ്ട്രീയത്തിൽ ഇടപെടുന്ന സഭയുടെ സ്വരം എന്നും പ്രവാചക സ്വരമായി നിലകൊള്ളുന്നതുകൊണ്ടുതന്നെ സഭയ്ക്ക് പലപ്പോഴും ഭരണകൂടങ്ങളുടെ അപ്രീതി നേരിടേണ്ടിവന്നിട്ടുണ്ട്.

## പ്രാർത്ഥന

സീസറിനുള്ളത് സീസറിനും, ദൈവത്തിനുള്ളത് ദൈവത്തിനും നൽകാൻ കല്പിച്ച കർത്താവേ, ദൈവകല്പനകൾ പാലിക്കുമ്പോൾതന്നെ രാജ്യത്തിന്റെ നിയമങ്ങളും അനുസരിക്കാൻ ബാധ്യസ്ഥരാണ് എന്ന ബോധ്യം ഞങ്ങൾക്ക് നൽകി അനുഗ്രഹിക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. യേശുവിന്റെ കാലത്തെ രാഷ്ട്രീയാന്തരീക്ഷത്തെക്കുറിച്ച് വിവരിക്കുക.
2. സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സന്ദേശമാണ് ജൂബിലി വർഷം നൽകുന്നത് - വ്യക്തമാക്കുക.
3. രാഷ്ട്രീയാധികാരത്തിലുള്ളവർ നിരന്തരം എന്തിനുവേണ്ടി പരിശ്രമിക്കണമെന്നാണ് സഭ ഓർമ്മിപ്പിക്കുന്നത്?
4. സഭയുടെ രാഷ്ട്രീയബന്ധങ്ങൾക്കാധാരം എന്താണ്?
5. സഭയുടെ ആത്യന്തികമായ ലക്ഷ്യം എന്താണ്? ഈ ലക്ഷ്യം കൈവരിക്കാൻ സഭ എങ്ങനത്തെ സാഹചര്യം ഒരുക്കണം?

# STD - IX

## അദ്ധ്യാപക സഹായി

## പാഠം – പതിനൊന്ന് സഭയും രാഷ്ട്രവും ഭാഗം – രണ്ട്

### ലക്ഷ്യം

ക്രിസ്തു വിശ്വാസികളായ നമുക്ക് ഇരട്ട പൗരത്വമാണുള്ളത്. സഭാംഗങ്ങൾ എന്ന നിലയിൽ നാം ദൈവരാജ്യത്തിലെ പൗരന്മാരും, ഭാരതീയർ എന്ന നിലയിൽ നാം ഇന്ത്യൻ പൗരന്മാരുമാണ്.

സഭയെയും, സഭാ നിയമങ്ങളെയും നാം സ്നേഹിക്കുകയും ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതുപോലെ ഞങ്ങളുടെ മാതൃരാജ്യത്തെയും രാഷ്ട്രനിയമങ്ങളെയും സ്നേഹിക്കുകയും ആദരിക്കുകയും അനുസരിക്കുകയും ചെയ്യും.

### പഠനസഹായികൾ

* ചാർട്ട് – ദൈവകല്പനകൾ
* ചാർട്ട് – ഇന്ത്യയുടെ ദേശീയ പ്രതിജ്ഞ – https://llml.wikipedia.org>wiki
* ചിത്രം – ലെയോ പതിമൂന്നാമൻ പാപ്പാ

### പാഠത്തിന്റെ ഉള്ളടക്കം

* ക്രൈസ്തവന്റെ പൗരധർമ്മം
* ഇരട്ട പൗരത്വം – ദൈവരാജ്യത്തിലെ പൗരന്മാരും ഭാരതത്തിലെ പൗരന്മാരും
* ദൈവകല്പനകൾ അനുസരിക്കുന്നതോടൊപ്പം രാഷ്ട്രത്തിന്റെ നിയമങ്ങൾ അനുസരിക്കാനും നമുക്ക് ബാധ്യതയുണ്ട്.
* മതവിരുദ്ധതയും വർഗീയതയും – മതത്തിന്റെ പേരിൽ ജനങ്ങളെ തമ്മിൽ അടിപ്പിക്കുന്ന വർഗീയവാദികൾ, സമൂഹജീവിതം ഭിന്നിപ്പിക്കുന്ന ജാതി വെറിയന്മാർ, പ്രാദേശിക വാദികൾ എന്നിവർ രാഷ്ട്രത്തിന്റെ സുസ്ഥിതിക്ക് അപകട ഭീഷണി ഉയർത്തുന്നു.
* സഭയും രാഷ്ട്രവും അന്യോന്യം കൈകോർത്തു പോകേണ്ട പ്രസ്ഥാനങ്ങൾ ആണ്
* ഭാരതത്തെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ നിറയ്ക്കാൻ നമുക്ക് കടമയുണ്ട്
* സ്വന്തം ഭാഷയും പ്രദേശവും ആണ് ശ്രേഷ്ഠം എന്നു കരുതി മറ്റുള്ളവരെ പുച്ഛിക്കരുത്.
* റേരും നൊവാരും – വ്യവസായിക വിപ്ലവത്തിനെതിരെ ലിയോ പതിമൂന്നാമൻ മാർപാപ്പ പുറപ്പെടുവിച്ച ചാക്രിക ലേഖനം – 1891 മെയ് 15.

## പ്രാർത്ഥന

കർത്താവായ ദൈവമേ, ഞങ്ങളുടെ രാജ്യത്തിന്റെ നിയമങ്ങൾ അനുസരിച്ചുകൊണ്ടു തന്നെ സുവിശേഷമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. ക്രൈസ്തവർക്ക് ഇരട്ട പൗരത്വം ആണ് എന്ന് പറയുന്നത് എന്തുകൊണ്ട്?
2. സഭയും രാഷ്ട്രവും പരസ്പരം കൈകോർത്തുപോകണം എന്ന് പറയുന്നത് എന്തുകൊണ്ട്?
3. സഭയ്ക്ക് രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്താൻ കടമയുണ്ടെന്ന് പറയുന്നത് എന്തുകൊണ്ട്?
4. റേരും നൊവാരും - ചാക്രികലേഖനത്തെക്കുറിച്ച് കുറിപ്പെഴുതുക.
5. സഭ രാഷ്ട്രീയത്തിൽ ഇടപെടേണ്ടതുണ്ടോ? ഇന്നത്തെ രാഷ്ട്രീയ ചിന്താഗതികളെയും പ്രവർത്തനങ്ങളെയും, സമൂഹത്തിന് ഉപകരിക്കുന്ന രീതിയിൽ തിരുത്തി ശുദ്ധീകരിക്കുവാൻ ക്രൈസ്തവസഭയ്ക്ക് എന്തു ചെയ്യുവാനാകും. വിശദീകരിക്കുക.